ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം

253 (3233) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ;

(ബി) പ്രാദേശികമായുണ്ടാകുന്ന ജലലഭ്യതയും ജല ഉപഭോഗവും കൃത്യമായി കണക്കാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) പ്രാദേശിക തലത്തിലെ ശുദ്ധജല സ്രോതസ്സുകൾ നിലനിർത്തുന്നതിനും മാലിന്യമുക്തമാക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് ;

(ഡി) ഇത്തരം കാര്യങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു പ്രാദേശിക ജലനയം രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 12-ാം പഞ്ചവത്സര പദ്ധതിയിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പൊതുകിണറുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിന് പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. പുതിയ ഇറക്ക കിണർ നിർമ്മിക്കുന്നതിന് സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ ഗാർഹിക കണക്ഷൻ എടുക്കുന്നതിനും സബ്സിഡി നൽകുന്നുണ്ട്. എല്ലാവർക്കും എന്നും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ ആവിഷ്കരിക്കുന്നുണ്ട്. മഹാത്മാഗാന്ധി ദേശീ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണി, കിണർ റീചാർജ്ജിംഗ്, പൊതുകിണറുകളുടെയും കുളങ്ങളുടെയും സംരക്ഷണം എന്നിവ നടപ്പാക്കിവരുന്നുണ്ട്.

(ബി) കുടിവെള്ള പ്രോജക്ടുകളുടെ ഭാഗമായി വിവരശേഖരണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ എന്നതിലുൾപ്പെടുത്തി കളങ്ങൾ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ട്.

(ഡി) ഇത്തരത്തിൽ ഒരു പ്രാദേശിക ജലനയം തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിൽ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി

254 (3234) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമപഞ്ചായത്തുകളിൽ ബ്രോഡ്ബ്രാൻഡ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്, വ്യക്തമാക്കുമോ ?

ഉത്തരം

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിലും (മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്ത് ഒഴികെ) Broadband/VPN കണക്ഷനുകൾ ലഭ്യമാണ്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും optical fibre വഴി ബന്ധിപ്പിക്കുന്ന National Optical Fibre Network (NOFN) എന്ന പദ്ധതി BBNL (Bharat Broadband Network Ltd.) മുഖാന്തരം പൂർത്തീകരിച്ചുവരുന്നു. ഈ പദ്ധതി പൂർത്തിയായാൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹൈസ്പീഡ് ഇന്റർനെറ്റ് സംവിധാനം ലഭ്യമാകുന്ന തരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ നിയമനം

255 (T* 3235) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-8-2011-ലെ ആലപ്പുഴ ജില്ലാപഞ്ചായത്ത് യോഗം, 1997 മുതൽ ആലപ്പുഴ ജില്ലപഞ്ചായത്ത് ഓഫീസിൽ വിവിധ തസ്തികളിൽ ജോലി നോക്കി വന്നിരുന്ന ശ്രീ. വി. സുരേഷ്, ശ്രീമതി ഇ. വി. ദീപ്തി, ശ്രീ. ആർ. എം. സാബു എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്ന വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly